## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 838** **25.01.2018-ൽ മറുപടിയ്ക്ക്**

**ഗോത്രവിഭാഗ കോളനികളിൽ കമ്മ്യൂണിറ്റി പഠനമുറി**

**ചോദ്യം**
**ശ്രീ.സി.കെ. ഹരീന്ദ്രൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടിക ഗോത്രവിഭാഗ കോളനികളിൽ കമ്മ്യൂണിറ്റി പഠനമുറി സൗകര്യമൊരുക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ; | എ) | ഉണ്ട്. പട്ടികവർഗ്ഗവിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ വർഷം 100 പട്ടികവർഗ്ഗ കോളനികൾ സാമൂഹ്യ പഠനമുറി പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. 500 സങ്കേതങ്ങളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) | എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുമോ? | ബി) | കോളനിയിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ട്യൂട്ടർമാരായി തെരഞ്ഞെടുത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠനകാര്യത്തിൽ സഹായിക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം, വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകൽ, പഠന സാമഗ്രികൾ വിതരണം, ലഘു ഭക്ഷണം നൽകൽ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഒരുക്കുക എന്നീ ഉദ്ദേശ്യത്തോടു കൂടിയാണ് 100 പട്ടികവർഗ്ഗ കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നത്. ഒരു സാമൂഹ്യ പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കാവുന്ന കെട്ടിടങ്ങളാണ് ഇതിനായി തയ്യാറാക്കുന്നത്. ആയതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളോ മറ്റ് സമാന ഇടങ്ങളോ ആണ് |

കണ്ടെത്തിയിട്ടുള്ളത്.

ഓരോ ജില്ലയിലും പഠനമുറി സ്ഥാപിക്കുവാൻ തെരഞ്ഞെടുത്ത സങ്കേതങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | സാമൂഹ്യ പഠനമുറികളുടെ എണ്ണം |
|---|---|
| കാസറഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

ടി പദ്ധതി മുഖേന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുവാനും നിരക്ഷരത ഇല്ലാതാക്കുവാനും സാധിക്കുന്നതാണ്. കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ തന്നെയുള്ള വിദ്യാസമ്പന്നരായ ട്യൂട്ടർമാരെ നിയോഗിക്കുന്നതുമൂലം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനകാര്യങ്ങളിലുള്ള പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി പരിഹരിക്കുവാൻ ആവശ്യമായ പഠന സൗകര്യങ്ങൾ ഒരുക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ